പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 2047

19.06.2012 -ൽ
മറുപടിയ്ക്ക്

## ഖാദി മേഖലയിൽ പുതിയ സംരംഭങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഖാദിമേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് ; | (എ) | തിരുവനന്തപുരം ജില്ലയിലെ വെള്ളറട, മലപ്പുറം ജില്ലയിലെ പുലാമന്തോൾ, കണ്ണൂർ ജില്ലയിലെ അഴിക്കോട് എന്നിവിടങ്ങളിലായി 3 ഖാദി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതുപ്രകാരം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | 50 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. (വെള്ളറട 15, പുലാമന്തോൾ 25, അഴിക്കോട് 10) |
| (സി) | ഖാദിമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) | ഖാദിമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ച് വരുന്നത്.<br><br>1. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലൈവർ പ്രോജക്റ്റ് വികസിപ്പിച്ച് സ്ലൈവർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉല്പാദന കേന്ദ്രങ്ങളിലെ നൂൽ നൂൽപ്പ്കാർക്ക് ആവശ്യമുള്ളതും ഗുണമേന്മയുള്ളതുമായ സ്ലൈവർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിനും വേണ്ടി 240 ലക്ഷം രൂപ 2012-13 വർഷത്തേയക്ക് വകയിരു |

ത്തിയിട്ടുണ്ട്.

2. ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിനും വേണ്ടി ഖാദി ഉല്പാദന കേന്ദ്രങ്ങൾ പുനരുദ്ധാരണത്തിനുവേണ്ടി 44 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്.

3. നെയ്ത്തുകാർക്കും നൂൽനൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനം നൽകുന്നതിനും സിൽക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ നൽകികൊണ്ട് ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി 280 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്.

4. ഖാദി സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനം, ചർക്കകളും തറികളും സ്ഥാപിക്കൽ, സ്ലൈവർ/റോവിംഗ്സ് വാങ്ങുന്നതിനും വേണ്ടി 6 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്.

5. ഖാദി തൊഴിലാളികൾക്ക് ആധുനിക സൗകര്യങ്ങൾ നൽകി തൊഴിൽ അവസ്ഥ മെച്ചപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ 2012-13 വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുണ്ട്.

6. പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ ഉല്പാദനപരവും മൽസരാധിഷ്ഠിതവുമാക്കുന്നതിന് പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ ക്കുവേണ്ടി ഒരു ഖാദി

ക്ലസ്റ്റർ സ്ഥാപനിക്കുന്നതിന് 149 ലക്ഷം രൂപ 2012-13 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയൻകീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(1) 500 പുതിയ 8 സ്പിൻഡിൽ
എൻ.എം.സി. ചർക്കകൾ സ്ഥാപിക്കൽ.

(2) 110 തറികളുടെ സ്ഥാപനം

(3) ഡിസൈൻ ഇടപെടൽ.

(4) പ്രിന്റിംഗും, ഡൈയിംഗും

(5) ജക്കാർഡ് യൂണിറ്റുകളും റെഡിവാർപ്പ് യൂണിറ്റുകളും സ്ഥാപിക്കൽ.

(6) യൂണിറ്റികളുടെ അനുരൂപപ്പെടുത്തൽ.

സെക്ഷൻ ഓഫീസർ